SUNDAY 02/02/2025 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

Government of Kerala

Chief Editor: Suresh A R Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/02/2025

1. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ -SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നുഇതനുസരിച്ച് വ്യക്തിഗത . ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കുന്നു .2024-2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 25/01/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ് പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ ഫോൺ നമ്പറുകളിലോ, ഇ മെയിൽ മുഖേനയോ

ബന്ധപ്പെടാവുന്നതാണ് .(ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ :0471-2306748, 0477-2266084, 0495-2725354: E-mail smamkerala@gmail.com).

2. വെള്ളായണി കാർഷിക കോളേജിലെ അഗ്രികൾച്ചറൽ സ്റ്റാറ്റിറ്റിക്സ് വിഭാഗത്തിൽ ഒരു അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും നെറ്റ്/ പിഎച്ച്ഡി യോഗ്യതയും ഉള്ള ഉദ്യോഗാർത്ഥികൾക്ക് കാർഷിക കോളേജ്, വെള്ളായണി ഡീൻ ഓഫ് ഫാക്കൽറ്റിയുടെ ഓഫീസിൽ 6.02.2025 ന് രാവിലെ 10 മണിക്ക് നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. വിശദാംശങ്ങൾക്ക് www.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

3. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ CAITT (സെന്റർ ഫോർ അഗ്രിക്കൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ) *ഫെബ്രുവരി 7 വെള്ളിയാഴ്ച* രാവിലെ 10 മണി മുതൽ *ചെറുധാന്യങ്ങൾ: കൃഷിയും മൂല്യവർദ്ധനവും* എന്ന വിഷയത്തിലും ഏകദിന പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽക്കുന്നതായിരിക്കും.. വൈകുന്നേരം 5 മണി വരെ ക്ലാസുകൾ ഉണ്ടായിരിക്കുന്നത്. 500 രൂപയാണ് ഒരു ദിവസത്തെ ഫീസ്. ഒരാൾക്ക് തന്നെ രണ്ട് പരിശീലന പരിപാടികളിലും പങ്കെടുക്കാവുന്നതാണ്. ഓരോന്നിലും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

4. കോട്ടയം ജില്ലാ പഞ്ചായത്ത്, മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്, ഉഴവൂർ ബ്ലോക്ക് എന്നിവയുടെ 2024-25 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം കറവപ്പശുക്കൾക്ക് കാലിത്തീറ്റ

സബ്സിഡി കറവപ്പശുക്കൾക്ക് ഇൻഷുറൻസ് ധനസഹായം എന്നീ പദ്ധതികൾക്ക പഞ്ചായത്തിൻറെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട ക്ഷീരകർഷകരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ മാഞ്ഞൂർ ക്ഷീരസംഘത്തിൽനി. ലഭിക്കും. അപേക്ഷ ഫെബ്രുവരി അഞ്ചിനുള്ളിൽ സംഘങ്ങളിൽ നൽകണം. ക്ഷീരസംഘത്തിൽ പാൽ അളക്കാത്ത കർഷകർ അപേക്ഷയോടൊപ്പം വെറ്ററിനറി സർജൻറെ സാക്ഷ്യപത്രവും നൽകണം. കൂടുതൽ വിവരങ്ങൾക്ക് മാഞ്ഞൂർ ക്ഷീര വികസന യൂണിറ്റുമായി ബന്ധപ്പെടാം. ഫോൺ 04829-243878

**പരിശീലന പരിപാടി**

5. തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ CAITT (സെന്റർ ഫോർ അഗ്രിക്കൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ) *ഫെബ്രുവരി 7 വെള്ളിയാഴ്ച* രാവിലെ 10 മണി മുതൽ *ചെറുധാന്യങ്ങൾ: കൃഷിയും മൂല്യവർദ്ധനവും* എന്ന വിഷയത്തിലും ഏകദിന പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.. വൈകുന്നേരം 5 മണി വരെ ക്ലാസുകൾ ഉണ്ടായിരിക്കുന്നത്. 500 രൂപയാണ് ഒരു ദിവസത്തെ ഫീസ്. ഒരാൾക്ക് തന്നെ രണ്ട് പരിശീലന പരിപാടികളിലും പങ്കെടുക്കാവുന്നതാണ്. ഓരോന്നിലും ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്ക് മാത്രമേ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യാനും, കൂടുതൽ വിവരങ്ങൾക്കും 88915 40778 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിക്കുകയോ വാട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

6. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പ്രത്യേക പരിശീലനം 2025 ഫെബ്രുവരി 03 മുതൽ 07 വരെയുള്ള തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകഔഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **9495928077** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

7. **കാർഷിക നിർദ്ദേശം**

വേനൽക്കാലത്ത് തെങ്ങിനെ ബാധിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് കുമ്പടപ്പ്. മണ്ണിലെ ബോറോണിന്റെ ലഭ്യതയിലുണ്ടാകുന്ന കുറവാണ് ഇതിന്റെ പ്രധാന കാരണം. ഓലകൾ ചുരുങ്ങി ചെറുതായി വരിക, ഓലകളുടെ അഗ്രഭാഗം ചീഞ്ഞ് അഴുകുക, ഓലകൾ ശരിയായി വിരിയാതെ കുടിപ്പിടിച്ചിരിക്കുക എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. തെങ്ങൊന്നിനു 50 ഗ്രാം വീതം ബോറാക്സ് വർഷം തോറും രണ്ടു തവണ ചേർക്കുന്നത് തെങ്ങിന്റെ ശരിയായ വളർച്ച വീണ്ടെടുക്കാൻ സഹായിക്കുന്നു. വളപ്രയോഗത്തിനുശേഷം നനച്ചുകൊടുക്കുക. മഗ്നീഷ്യം എന്ന മൂലകത്തിന്റെ കുറവുകൊണ്ട് ഓലയിൽ മഞ്ഞളിപ്പ് ലക്ഷണങ്ങൾ കാണാം. തെങ്ങൊന്നിന് 500ഗ്രാം എന്ന തോതിൽ മഗ്നീഷ്യം സൾഫേറ്റ് ചേർത്തു കൊടുക്കാം.

തെങ്ങിനെ ബാധിക്കുന്ന ഒരു പ്രശ്നമാണ് മണ്ഡരിബാധ. ഇതിനെ തടയാൻ മണ്ഡരി ബാധയുള്ള തോട്ടങ്ങളിൽ 2 ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി സോപ്പ് മിശ്രിതം തളിക്കേണ്ടതാണ്. ചെമ്പൻ ചെല്ലിയുടെ ആക്രമണം ബാധിച്ച തെങ്ങുകളുടെ മണ്ട വൃത്തിയാക്കി ഒരു മില്ലി ഇമിഡാക്ലോപ്രിഡ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി കുമ്പിൽ ഒഴിച്ച് കൊടുക്കുക.